**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് IV ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷണ്മുഖൻ. എം ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) 1527/16 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 18 · 18.2016 ലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 491/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.02.2017.

===========================================================================

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ ഇ6-16361/16 നമ്പർ ഉത്തരവ്.
2) ലൈബ്രേറിയൻ ശ്രീ. ഷണ്മുഖൻ എം. സർക്കാരിൽ സമർപ്പിച്ച 25.07.2016 ലെ അപ്പീൽ ഹർജി.
3) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ O.A (EKM) 1527/16 ൽ 18.10.2016 ൽ പുറപ്പെടുവിച്ച വിധിന്യായം.
4) നഗരകാര്യ ഡയറക്ടറുടെ 18.01.2017 തീയതിയിലെ ഇ6-25428/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ലൈബ്രേറിയൻ തസ്തികയിൽ ജോലി നോക്കിയിരുന്ന 4 ജീവനക്കാരെ വിവിധ സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റി നിയമിച്ച് നഗരകാര്യ ഡയറക്ടർ പരാമർശം ഒന്നിലെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം പാലക്കാട് നഗരസഭയിൽ 18.10.2007 മുതൽ $IV^{th}$ ഗ്രേഡ് ലൈബ്രേറിയനായി ജോലി ചെയ്തിരുന്ന ശ്രീ. എം. ഷൺമുഖനെ ചിറ്റൂർ-തത്തമംഗലം നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുകയുണ്ടായി. ടിയാന് പകരം സ്ഥലം മാറ്റമായി വന്നത് റന്യ. കെ. എന്ന ലൈബ്രേറിയനാണ്. പരാമർശം ഒന്നിലെ ഉത്തരവിനെതിരെ ശ്രീ. എം. ഷൺമുഖൻ സർക്കാരിൽ പരാമർശം 2 പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. തനിക്ക് സ്വന്തമായി വീടില്ലാ എന്നും, പാലക്കാട് നഗരസഭാ ക്വാർട്ടേഴ്സിലാണ് താമസിക്കുന്നതെന്നും, മകൻ പ്ലസ് ടൂവിന് പഠിക്കുന്നു എന്നും, സ്ഥലംമാറ്റം കാരണം ക്വാർട്ടേഴ്സ് ഒഴിയേണ്ടി വന്നാൽ വാടക വീട്ടിൽ താമസിക്കുന്നതിനും മകന്റെ വിദ്യാഭ്യാസത്തിനും സാമ്പത്തിക ബുദ്ധിമുട്ടും കഷ്ടപ്പാടുമുണ്ടെന്നും, ചിറ്റൂർ തത്തമംഗലം നഗരസഭയിൽ നിന്നും പാലക്കാട് നഗരസഭയിലേക്ക് സ്ഥലംമാറിവന്ന റന്യ .കെ. എന്ന ലൈബ്രേറിയൻ 02.04.2016 ലാണ് ജോലിയിൽ പ്രവേശിച്ചതെന്നും നാല് മാസം മാത്രം സർവ്വീസുള്ള ടിയാരിയെ ഔദ്യോഗികമായി അപേക്ഷ സമർപ്പിക്കാതെയാണ് പാലക്കാട് നഗരസഭയിലേക്ക് മാറ്റി നിയമിച്ചതെന്നും തന്റെ സ്വദേശം ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ നിന്നും 50 കി.മീ. അകലെ കോട്ടായി പഞ്ചായത്തിൽ ആയതിനാൽ സ്വദേശത്തു നിന്നും ചിറ്റൂരിൽ ലൈബ്രറിയുടെ സമയത്ത് എത്തപ്പെടാൻ

കഴിയുന്നില്ല എന്നും, തനിക്ക് 4 വർഷം മാത്രമേ റിട്ടയർ ചെയ്യാൻ കാലാവധിയുള്ളൂ എന്നും ആയതിനാൽ പാലക്കാട് നഗരസഭയിൽ ത്തന്നെ പുനർ നിയമിച്ച് ഉത്തരവാകണമെന്നും അപ്പീൽ അപേക്ഷയിൽ അപേക്ഷിച്ചിട്ടുണ്ട്.

2. മേൽ പരാമർശിത ഉത്തരവിനെതിരെ ശ്രീ. ഷൺമുഖൻ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A (EKM) 1527/16 ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18.10.2016 ൽ പരാമർശം 3 ലെ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി. അപേക്ഷകനേയും ടിയാനു പകരം സ്ഥലം മാറി വന്ന ശ്രീമതി. റന്യ.കെ എന്ന ലൈബ്രേറിയനേയും നേരിൽ കേട്ടതിനു ശേഷം വിധിയുടെ സർട്ടിഫൈഡ് പകർപ്പ് ലഭിച്ച് 2 മാസങ്ങൾക്കകം ടിയാന്റെ അപ്പീൽ അപേക്ഷയിൽ തീർപ്പു കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ട്രിബ്യൂണൽ പരാമർശം 3 ലെ വിധിയിൽ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി, അപേക്ഷകനായ ശ്രീ. എം. ഷൺമുഖൻ, ശ്രീമതി. റന്യ എന്നിവരെ 19.12.2016 ൽ നേരിൽ കേൾക്കുകയുണ്ടായി.

3. താൻ ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ ജോലി ചെയ്തിരുന്നപ്പോൾ അവിടെ നിന്നും വട്ടംതിരുത്തി അംശം ദേശത്തുള്ള തന്റെ വീട്ടിലേക്ക് 50 km. കൂടുതൽ യാത്രയുണ്ടെന്നും 2015 ൽ വിവാഹമോചിതയായ താനും തന്റെ രോഗിയായ അമ്മയും മാത്രമേ വീട്ടിലുള്ളൂ എന്നും ആയതിനാൽ നിത്യവും വീട്ടിലെത്തേണ്ടതുണ്ടെന്നും ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ ജോലി ചെയ്തിരുന്നപ്പോൾ ദൂരക്കൂടുതലും ലൈബ്രറിയിലെ സമയക്രമവും കാരണം നിത്യേന വീട്ടിലെത്താൻ സാധിക്കുമായിരുന്നില്ല എന്നും ശ്രീമതി. റന്യ ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി. തന്റെ വിഷമതകൾ മനസ്സിലാക്കിയാണ് നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം തന്നെ പാലക്കാട് നഗരസഭയിലേക്ക് മാറ്റിയതെന്ന് റന്യ രേഖാമൂലം ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി.

4. തന്റെ മകന്റെ പഠന സൗകര്യം കണക്കിലെടുത്തുകൊണ്ട് താൻ പാലക്കാട് Staff Quarters ലാണ് താമസമെന്നും ചിറ്റൂരിലേക്ക് ട്രാൻസ്ഫർ ആയാൽ തനിക്ക് കുടുംബത്തോടൊപ്പം താമസിപ്പിക്കുവാൻ സ്ഥല സൗകര്യമില്ലെന്നും തന്റെ മകന്റെ പഠനത്തെ അതു ബാധിക്കുമെന്നും ഹിയറിംഗ് വേളയിൽ ശ്രീ. ഷൺമുഖൻ അറിയിച്ചു. ആയതിനാൽ ഇനി 4 വർഷം മാത്രം സർവ്വീസുള്ള തന്നെ പാലക്കാട് നഗരസഭയിൽ തന്നെ പുനർ നിയമിച്ച് ഉത്തരവാകണമെന്ന് ടിയാൻ ആവശ്യപ്പെട്ടു.

5. നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 18.10.2007 മുതൽ പാലക്കാട് നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തിയാണ് ശ്രീ. എം. ഷൺമുഖൻ. ടിയാനെ ഭരണപരമായ സൗകര്യാർത്ഥമാണ് ചിറ്റൂർ-തത്തമംഗലം നഗരസഭയിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്. ടിയാൻ തന്റെ സർവ്വീസ് കാലയളവിൽ ഏറ്റവും കൂടുതൽ കാലം (8 വർഷവും 9 മാസത്തിലധികവും) സേവനമനുഷ്ഠിച്ചിട്ടുള്ളത് പാലക്കാട് നഗരസഭയിലാണ്. ഈ സാഹചര്യത്തിൽ പാലക്കാട് നഗരസഭയിൽ നിന്നും ചിറ്റൂർ-തത്തമംഗലം നഗരസഭയിലേക്ക് ശ്രീ. ഷൺമുഖനെ സ്ഥലം മാറ്റിയതിൽ അപാകതകളൊന്നും വന്നിട്ടില്ല എന്നാണ് നഗരകാര്യ ഡയറക്ടറുടെ നിലപാട്.

6. പരാമർശം 2 ലെ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. 18.10.2007 മുതൽ പാലക്കാട് നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷൺമുഖനെ ഭരണ സൗകര്യാർത്ഥം ചിറ്റൂർ-തത്തമംഗലം നഗരസഭയിലേക്ക് സ്ഥലം മാറ്റിയതിൽ യാതൊരു

അപാകതയും സർക്കാർ കാണുന്നില്ല. മേൽ സാഹചര്യത്തിൽ ശ്രീ.എം ഷൺമുഖൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാവുന്നതല്ല എന്ന് കാണുന്നതിനാൽ ആയത് നിരസിച്ച് ഉത്തരവാകുന്നു.

7. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള വിധിന്യായം മേൽ പ്രകാരം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
[redacted] ജനറൽ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ശ്രീ. ഷണ്മുഖൻ. എം., ലൈബ്രേറിയൻ ഗ്രേഡ്- IV, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി.
ശ്രീമതി. റന്യ.കെ., ലൈബ്രേറിയൻ, പാലക്കാട് നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**